# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2177 04/11/2019-ൽ മറുപടിക്ക്

### ആശാവർക്കർമാർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.രാജഗോപാലൻ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആശാവർക്കർമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം ഇവരുടെ ഓണറേറിയം തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആശാവർക്കർമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 പ്രാവശ്യം ഓണറേറിയം തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2016-17-ൽ 1000 രൂപയിൽ നിന്നും 1500 രൂപയായും, 2017-18-ൽ 2000 രൂപയായും, 2018-19-ൽ 4000 രൂപയായും, 2019-20-ൽ 4500 രൂപയായുമാണ് ഓണറേറിയം ഉയർത്തിയത്. |
| ബി) | ഇപ്പോൾ പ്രതിമാസ വേതനമായി എത്ര രൂപയാണ് ഇവർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | ബി) | 2019-20 ൽ 4500/- രൂപയാണ് ആശമാർക്ക് പ്രതിമാസ ഹോണറേറിയമായി നൽകുന്നത്. ഇത് കൂടാതെ ചാക്രിക (Rotation basis) അടിസ്ഥാനത്തിലുള്ള ഭവന സന്ദർശനങ്ങൾക്ക് പ്രതിമാസം 2000/- രൂപ നിശ്ചിത ഇൻസെന്റീവും നൽകി വരുന്നു. ഇതിനു പുറമേ ചെയ്യുന്ന ജോലിക്കനുസൃതമായി വിവിധ പദ്ധതികളിൽ നിന്നും 1500 രൂപ മുതൽ 2000 രൂപ വരെ പ്രതിമാസ ഇൻസെന്റീവും ആശമാർക്ക് ലഭിക്കുന്നുണ്ട്. ഈ വിധത്തിൽ 8000 രൂപ മുതൽ 11000 രൂപ വരെ പ്രതിമാസം ആശമാർക്ക് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ